അഗ്രികാർഡ്

114 (1516) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകർക്ക് വിതരണം ചെയ്യുമെന്ന് നടപ്പ് ബഡ്ജറ്റിൽ പറഞ്ഞിരുന്ന അഗ്രി കാർഡ് വഴി എന്തൊക്കെ സൗകര്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത് ; എത്ര കർഷകർക്കാണ് പ്രസ്തുത കാർഡ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരുന്നത് ; നാളിതുവരെയായി എത്ര കർഷകർക്ക് പ്രസ്തുത കാർഡ് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ, കുറഞ്ഞ നിരക്കിലുള്ള ബാങ്ക് വായ്പകൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന രേഖയായി അഗ്രികാർഡ് പരിഗണിക്കുന്നുണ്ട്. 18.75 ലക്ഷം കർഷകർക്കാണ് അഗ്രികാർഡ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നത്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കാനറാ ബാങ്കിനെ നോഡൽ ബാങ്കായി നിയമിച്ചിട്ടുണ്ട്. കാർഡ് വിതരണത്തിനുള്ള നടപടികൾ കാനറാ ബാങ്ക് സ്വീകരിച്ചുവരുന്നു.

ഇടുക്കി ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന കൃഷി ഓഫീസർ തസ്തികകൾ

115 (1518) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന എത്ര കൃഷി ഓഫീസുകൾ ഉണ്ട് ; വിശദാംശം നൽകാമോ ;

(ബി) കൃഷി ഓഫീസർമാർ ഇല്ലാത്തതിനാൽ പഞ്ചായത്ത് ജനകീയാസൂത്രണം, കൃഷി വകുപ്പ് എന്നിവ മുഖേന ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം നഷ്ടപ്പെടും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ വണ്ടിപ്പെരിയാർ സ്റ്റേറ്റ് വെജിറ്റബിൾ ഫാമിലും വട്ടവട, ഉടുമ്പൻചോല, കരുണാപുരം, പുറപ്പുഴ എന്നീ കൃഷി ഭവനുകളിലും കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷി ഓഫീസർമാരില്ലാത്ത കൃഷി ഭവനുകളുടെ അധിക ചുമതല തൊട്ടടുത്ത കൃഷി ഭവനിലെ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിലെ കീടനാശിനി

116 (1519) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ കീടനാശിനി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഇനങ്ങളിലാണെന്ന് വിശദമാക്കാമോ;

(ബി) സുരക്ഷിത പച്ചക്കറിക്കായി രൂപീകരിക്കുന്ന അതോറിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; കീടനാശിനി പരിശോധിക്കുന്നതിനുള്ള സംവിധാനം ഇവയ്ക്കുണ്ടാകുമോ ;

(സി) വെള്ളായണി കാർഷിക സർവ്വകലാശാലയിലെ കീടനാശിനി പരിശോധനാ ഫീസ് ഭീമമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഫീസ് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കീടനാശിനി ചേർത്ത പച്ചക്കറിയുടെ ഇറക്കുമതി തടയാൻ ഓരോ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ചും പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങുമോ ; വിശദമാക്കുമോ ;

(ഇ) പച്ചക്കറിയിലെ കീടനാശിനി പരിശോധിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിന ഇല, കറിവേപ്പില, ചുവപ്പ് ചീര, കാപ്സിക്കം (മഞ്ഞ, പച്ച) സെലറി, മല്ലിയില, കോളിഫ്ലവർ, കാബേജ് (വെള്ള, വയലറ്റ്), കാരറ്റ്, വെള്ളരി, വെണ്ടയ്ക്ക, സാമ്പാർ മുളക്, വഴുതന, പാവയ്ക്ക, കോവയ്ക്ക, മുരിങ്ങ, നെല്ലിക്ക, പയർ, ചുവന്നുള്ളി തുടങ്ങിയ 26 ഇനം പച്ചക്കറികളിൽ നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly